©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2020 നവംബർ 19<br>19th November 2020<br>1196 വൃശ്ചികം 4<br>4th Vrischikam 1196<br>1942 കാർത്തികം 28<br>28th Karthika 1942 | നമ്പർ<br>No. 2845 |

**ഫോറം നമ്പർ 7**

***18(1) ചട്ടം കാണുക***

**(സെക്ഷൻ 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം)**

റഫ് നം. DCKNR/2753/2020/സി1 2020 നവംബർ 19

കേരള സർക്കാർ 04.12.2015 തീയ്യതിയിലെ ജി.ഒ.(പി) നം. 649/ 2015/ ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം സ്പെഷ്യൽ തഹസിൽദാർ എൽ.എ (ജനറൽ) തലശ്ശേരിയെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന സ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 വ്യവസ്ഥകൾക്കനുസരിച്ച് ഭൂമി പൊന്നുംവില നടപടിപ്രകാരം ഏറ്റെടുക്കുന്നതിനായി കലക്ടറുടെ ചുമതല വഹിക്കുന്നതിന് നിയോഗിക്കപ്പെട്ടതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആയതിൻ പ്രകാരം ഡെപ്യൂട്ടി കലക്ടർ (എൽ.എ) കലക്ടറേറ്റ് കണ്ണൂർ പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള കാര്യനിർവ്വാഹകനായി നിയോഗിക്കപ്പെട്ടതിനാലും;

താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് പാനൂർ സാമൂഹിക ആരോഗ്യകേന്ദ്രത്തിന്റെ വികസനത്തിനായി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടാകാനിടയുണ്ടെന്നോ കേരളസർക്കാരിന് ബോധ്യപ്പെടുന്നതുകൊണ്ടും;

ആയതുകൊണ്ട്, ഇപ്പോൾ ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ അറിവിലേക്കായി ഭൂമി ഏറ്റെടുക്കലിന് ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 11 ഉപവകുപ്പ് (1) പ്രകാരമുള്ള ഒരു അറിയിപ്പ് ഇതോടൊപ്പം പുറപ്പെടുവിക്കുന്നു.

മേൽ പ്രസ്താവിച്ച പ്രകാരം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമിയിൽ താല്പര്യമുള്ള ഏതൊരാളും ഈ വിജ്ഞാപനം പുറപ്പെടുവിച്ച തീയ്യതി മുതൽ പതിനഞ്ചു ദിവസത്തിനുള്ളിലോ അല്ലെങ്കിൽ ഇത് സംബന്ധിച്ച പൊതുഅറിയിപ്പ് നൽകിയ ശേഷം പതിനഞ്ചു ദിവസത്തിനുള്ളിലോ ഏതാണോ അവസാനം സംഭവിക്കുന്നത് അപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പൊന്നുംവിലയ്ക്കെടുക്കുന്ന ഭൂമിയിന്മേൽ ഭൂരേഖയുടെ നാളതീകരണം സംബന്ധിച്ചോ പ്രമാണം സംബന്ധിച്ചോ തങ്ങൾക്കുള്ള ആക്ഷേപം, എന്തെങ്കിലുമുണ്ടെങ്കിൽ, രേഖാമൂലമുള്ള പ്രസ്താവന സഹിതം പൊന്നുംവില ആഫീസറായ സ്പെഷ്യൽ തഹസിൽദാർ എൽ.എ,(ജനറൽ) തലശ്ശേരി മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത കാലപരിധിക്കുശേഷം സമർപ്പിക്കുന്ന പ്രസ്താവനകളും/ആക്ഷേപങ്ങളും, അപേക്ഷകന് ഭൂമിയിന്മേലുള്ള താല്പര്യമെന്താണെന്ന് ആക്ഷേപത്തിൽ വ്യക്തമായി വിശദീകരണിക്കപ്പെടാത്ത സാഹചര്യത്തിലും അത്തരത്തിലുള്ള പ്രസ്താവനകളും/ ആക്ഷേപങ്ങളും മൊത്തത്തിൽ നിരസിക്കപ്പെടുന്നതായിരിക്കും.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് ഔദ്യോഗിക വെബ്ബ് സൈറ്റായ www.kannur.nic.in ൽ ലഭ്യമാണ്. ആയതിന്റെ സംക്ഷിപ്ത രൂപം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പട്ടിക

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

ജില്ല - കണ്ണൂർ   വില്ലേജ് - പാനൂർ

താലൂക്ക് - തലശ്ശേരി   ദേശം - പാനൂർ

| ക്രമ നം. | റി സർവ്വെ നം. | വിവരണം | വിസ്തീർണ്ണം (ഹെ. ആർ. ച.മീ) | ഏത് പൊതു ആവശ്യത്തിന് എന്ന് | ബാധിക്കപ്പെട്ട കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ട കാരണം | കൈവശക്കാരുടെ വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | റിസ നം,128/1, 128/2 എ, 128/2 ബി | തോട്ടം | 0.7870 | പാനൂർ സാമൂഹിക ആരോഗ്യകേന്ദ്രത്തിന്റെ വികസനത്തിന് വേണ്ടി | ഈ പദ്ധതിക്ക് വേണ്ടി കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ട ആവശ്യം വരുന്നില്ല | നൊച്ചിക്കാട്ട് മുസ്തഫ, നൊച്ചിക്കാട്ട് ഹൗസ് അണിയാരം പി ഒ |

### സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലെ പാനൂർ വില്ലേജിലെ റിസ നം,128/1, 128/2 എ,128/2 ബിൽപ്പെട്ട 78.70 ആർസ് ഭൂമിയാണ് പാനൂർ സാമൂഹിക ആരോഗ്യകേന്ദ്രത്തിന്റെ വികസനത്തിന് വേണ്ടി ഏറ്റെടുക്കേണ്ടത്. ടി ഭൂമിയിൽ യാതൊരു കച്ചവട സ്ഥാപനങ്ങളോ, വീടുകളോ, വ്യവസായ സ്ഥാപനങ്ങളോ നിലവില്ലാത്തതിനാൽ തൊഴിൽ നഷ്ടമോ വരുമാന നഷ്ടമോ , കുടുംബങ്ങളെ ഒഴിപ്പിക്കേണ്ട ആവശ്യമോ വരുന്നില്ല. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി യാതൊരുവിധ അനുഭവങ്ങളുമില്ലാത്ത ശൂന്യമായ പറമ്പായതിനാൽ പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നത് കൊണ്ട് കൃഷിക്കോ പ്രദേശത്തിന്റെ പാരിസ്ഥിതിക സന്തുലനത്തിനോ യാതൊരു നാശവും ജനങ്ങളെ ബാധിക്കുന്ന തരത്തിലുള്ള കാര്യമായ ആഘാതങ്ങളും ഒന്നും തന്നെ ഇല്ല. പാനൂർ ബ്ലോക്ക്പരിധിയിലെ 7 ഗ്രാമപഞ്ചായത്തുകളിലേയും പാനൂർ നഗരസഭയിലേയും ജനങ്ങൾക്ക് ചികിത്സയും ആദിവാസി/ പട്ടികജാതി സമൂഹങ്ങൾ തിങ്ങിപ്പാർക്കുന്ന പാനൂർ ബ്ലോക്കിലെ കിഴക്കൻ മേഖലയിലുള്ളവർക്ക് സൗജന്യചികിത്സയും ലഭ്യമാക്കിവരുന്ന സർക്കാരിന്റെ പൂർണ്ണനിയന്ത്രണത്തിലുള്ള പാനൂർ സാമൂഹിക ആരോഗ്യകേന്ദ്രത്തിന്റെ വികസനത്തിനായുള്ള ഈ ഭൂമി ഏറ്റെടുക്കൽ പദ്ധതി ഒരു പൊതുആവശ്യത്തിനുള്ളതാണ്.

(ഒപ്പ്)

**ജില്ലാ കലക്ടർ, കണ്ണൂർ**

കലക്ടറേറ്റ്,കണ്ണൂർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

Digitally signed by Salim A
Date:2020.11.19 10:55:20

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/